**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 778** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ആലപ്പുഴ ബീച്ചിലെ കടൽ ഭിത്തി നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** അമ്പലപ്പുഴ മണ്ഡലത്തിലെ തെക്ക് പൂത്തോപ്പ് മുതൽ വടക്ക് ആലപ്പുഴ ബീച്ചിന്റെ തെക്കേയറ്റംവരെ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന വള്ളങ്ങളിറക്കേണ്ട സ്ഥലങ്ങൾ ഒഴിച്ച് ബാക്കി സ്ഥലങ്ങളിൽ ബലവത്തായ കടൽ ഭിത്തിയില്ലാത്ത കടലോരം മുഴുവനും ഇടമുറിയാതെ കടൽ ഭിത്തി കെട്ടി സംരക്ഷിക്കാൻ 2026-27-ൽ തന്നെ പദ്ധതി തയ്യാറാക്കി നടപ്പാക്കാൻ തുടങ്ങുമോ;വിശദമാക്കാമോ?

**<u>മറുപടി:</u>** കടൽ തീരസംരക്ഷണവുമായി ബന്ധപ്പെട്ട് അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ പുന്നപ്ര സൗത്ത് ഗ്രാമ പഞ്ചായത്തിൽ “Urgent protection work between CESCP 680 and 682 at Narbona beach in Punnapra South Grama Panchayath of Ambalappuzha LAC” എന്ന പ്രവർത്തിയ്ക്ക് ₹30ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ അമ്പലപ്പുഴ മണ്ഡലത്തിലെ തോട്ടപ്പള്ളി ആനന്ദേശ്വരം മുതൽ പുറക്കാട് വരെയുള്ള ഭാഗത്ത് കടൽ ഭിത്തി നവീകരണത്തിനായി തയ്യാറാക്കിയ പ്രവർത്തികൾ ചുവടെ ചേർക്കുന്നു.

1. Urgent protection works between CESCP 618 to 621 Stone at Anandesweram in Purakkad Grama Panchayath of Ambalapuzha LAC. Amount -₹2,07,60,000/-
2. Urgent protection works between CESCP Stone 621 to 624 and 170 m towards CESCP Stone 625 at Punthala, in Purakkad Grama Panchayath of Ambalapuzha LAC. Amount -₹2,99,90,000/-
3. Urgent protection works in between CESCP Stone no. 624 and 625 to CESCP Stone 626 at Purakkad, in Purakkad Grama Panchayath of Ambalappuzha LAC. Amount- ₹87,60,000/-

കൂടാതെ പുന്നപ്ര സൗത്ത് ഗ്രാമ പഞ്ചായത്തിൽ, താഴെ പറയുന്ന 2 Anti Sea Erosion പ്രവൃത്തികൾ നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ആരും Bid സമർപ്പിച്ചിട്ടില്ല.

1. GENERAL NC- ASE Work-2024-25- Urgent protection work between CESCP 676 and 678 near Punnapra Market- Viyani Road in Punnapra South Panchayath in Ambalapuzha LAC- General Civil Work.- Amount- ₹20,00,000/-
2. GENERAL NC- ASE Work-ASE 2024-25- Urgent protection work between CESCP 675 and 680 at Viyani Beach in Punnapra South Panchayath in Ambalapuzha LAC- General Civil Work.- Amount- ₹30,00,000/-

മിഷൻ ഡയറക്ടറുടെ കീഴിൽ ലോക ബാങ്കിന്റെ R K P for DLI I 10 എന്ന പദ്ധതിയിൽ, ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയിൽ രണ്ട് സ്ഥലങ്ങളിൽ തീരസംരക്ഷണ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പുറക്കാട് ഗ്രാമപഞ്ചായത്തിൽ 3 കിലോമീറ്റർ ദൂരവും പുന്നപ്ര ഗ്രാമപഞ്ചായത്തിൽ 2.3 കിലോമീറ്റർ ദൂരവുമാണ് ഇതിൽ ഉൾപ്പെടുന്നത്. പദ്ധതികൾക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ജലസേചനവകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതും പ്രസ്തുത പ്രവൃത്തിക്ക് ലോകബാങ്കിന്റെ reimbursement ലഭ്യമാക്കുന്നതുമാണ്.

പദ്ധതിയുടെ ആവശ്യകതകൾക്കനുസൃതമായി, ബാത്തിമെട്രി, ടോപ്പോഗ്രാഫിക് സർവേകൾ നിലവിൽ കേരള ഹൈഡ്രോഗ്രാഫിക് സർവേ വകുപ്പ് നടത്തിവരുന്നു. ലോകബാങ്ക് ചട്ടങ്ങൾ പ്രകാരം പദ്ധതി നടപ്പിലാക്കാൻ KCZMA (Kerala Coastal Zone Management Authority) യുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. ആയതിലേക്ക് CRZ (coastal regulation zone) അനുമതി നേടുന്നതിനായി, ടി റിപ്പോർട്ട് തയ്യാറാക്കുന്നതിന് NCSCM (നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റ്)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി ആഘാത വിലയിരുത്തൽ (EIA) പഠനം നടത്തുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്. മോഡലിംഗ് പഠനങ്ങൾ നടത്തുന്നതിനും രൂപകൽപ്പന തയ്യാറാക്കുന്നതിനുമായി CWPRS, പൂനെ-യെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പഠനങ്ങൾ പൂർത്തിയാകുന്നതോടെയും ധനലഭ്യതയ്ക്ക് വിധേയമായും, പദ്ധതി പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

നിലവിൽ കിഫ്ബി ധനസഹായത്തോടെ കെ.ഐ.ഐ.ഡി.സി. ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ മേഖലയിൽ തീരദേശ സംരക്ഷണത്തിനായി രണ്ട് ഘട്ടങ്ങളായി പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ വിവരം താഴെ ചേർക്കുന്നു.

1. ഒന്നാം ഘട്ട പദ്ധതി: അമ്പലപ്പുഴ ജംഗ്ഷൻ മുതൽ കളത്തട്ട് വരെ ഏകദേശം 3.6 കിലോമീറ്റർ ദൂരപരിധിയിൽ 30 പുലിമുട്ടുകളുടെ നിർമ്മാണം - പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.
2. രണ്ടാം ഘട്ട പദ്ധതി: കാക്കാഴം മുതൽ വളഞ്ഞവഴി വരെ ഏകദേശം 1.8 കിലോമീറ്റർ ദൂരപരിധിയിൽ 19 പുലിമുട്ടുകളുടെ നിർമ്മാണം - പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

ആലപ്പുഴ ബീച്ച് മേഖലയിലോ സമീപ പ്രദേശങ്ങളിലോ നിലവിൽ കെ.ഐ.ഐ.ഡി.സി. മുഖേന മറ്റ് തീരദേശ സംരക്ഷണവുമായി ബന്ധപ്പെട്ട് കടൽഭിത്തി/പുലിമുട്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നില്ല.

**സെക്ഷൻ ഓഫീസർ**